മേഖലയുടെ ഒന്നാം ഘട്ടത്തിൽ പൂർത്തീകരിക്കാത്ത പ്രവർത്തികൾ പൂർത്തീകരിക്കുന്നതിനായി പദ്ധതി ആവിഷ്ക്കരിക്കുകയും പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാന ഭൂവികസന കോർപ്പറേഷന് 2.1272 കോടി രൂപ അനുവദിക്കുകയും പ്രവർത്തികൾ നടപ്പിലാക്കിവരികയുമാണ്. നടപ്പു സാമ്പത്തിക വർഷം കേന്ദ്ര നെൽക്കൃഷി വികസന പദ്ധതിയിൽ കാർഷിക മേഖലയിൽ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നതാണ്.

(ഇ) കോൾ മേഖലയിൽ ഒന്നാം വിള സീസണിൽ ഉൽപ്പാദനം 1500 ടണ്ണായി വർദ്ധിച്ചു.

**കുരുമുളക് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

11 (*581) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. പി. കൃഷ്ണ പ്രസാദ് :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. കെ. സി. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുരുമുളക് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ബി) കുരുമുളക് ഉൽപ്പാദനത്തിൽ കഴിഞ്ഞ വർഷം വർദ്ധനവ് ഉണ്ടായിട്ടുണ്ടോ എന്ന് വിശദമാക്കാമോ ;

(സി) കുരുമുളക് കർഷകർക്കായി കേന്ദ്രം പ്രതിവർഷം എത്ര കോടി രൂപ ഗ്രാന്റായി നൽകുന്നുണ്ട് ;

(ഡി) കുരുമുളക് ഉത്പാദനം ഇരട്ടിയാക്കുന്നതിന് സ്പൈസസ് ബോർഡ് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഇ) ആഗോള സാമ്പത്തിക മാന്ദ്യം കുരുമുളക് കയറ്റുമതിയെ ബാധിച്ചിട്ടുണ്ടോ ;

(എഫ്) കേരളത്തിൽ നിന്നുള്ള കുരുമുളക് കയറ്റുമതിയിൽ കഴിഞ്ഞ വർഷം വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. മുല്ലക്കര രത്നാകരൻ):

(എ) സംസ്ഥാനത്ത് കുരുമുളക് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപ്പുസാമ്പത്തിക വർഷം 600 ലക്ഷം രൂപയുടെ കുരുമുളക് പാക്കേജ് പദ്ധതി വയനാട് ജില്ലയിൽ നടപ്പാക്കുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ



LIBRARY ARCHIVES Kerala Legislative Assembly

കുരുമുളക് കൃഷിയുടെ പുനരുദ്ധാരണ പാക്കേജിനും ജൈവ കുരുമുളക് കൃഷിക്കും വിപുലമായ രണ്ട് പാക്കേജുകൾ വയനാട് ജില്ലയിൽ നടപ്പാക്കി വരുന്നു. പദ്ധതിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. ഈ പദ്ധതികളുടെ കീഴിൽ ജില്ലയിലെ തെരഞ്ഞെടുത്ത സ്ഥലങ്ങളിൽ കുരുമുളക് നഴ്സറികൾ സ്ഥാപിക്കുന്നതിന് 3 ലക്ഷം രൂപ ചെലവിൽ 15 കുരുമുളക് നഴ്സറികൾ സ്ഥാപിക്കും. ഓരോ നഴ്സറിക്കും 20,000 രൂപ ധനസഹായം നൽകും.

2. കുരുമുളക് വള്ളികൾ പടർത്തുന്നതിനുവേണ്ടി 8.25 ലക്ഷം സ്റ്റാൻഡേർഡുകൾ (താങ്ങുമരങ്ങൾ) വച്ചുപിടിപ്പിക്കുന്നതിന് 10 രൂപ നിരക്കിൽ സ്റ്റാൻഡേർഡിന് ധനസഹായം നൽകുന്നതിന് മൊത്തം 82.50 ലക്ഷം രൂപ നൽകുന്നതാണ്.

3. കുരുമുളക് പ്രദർശനത്തോട്ടങ്ങൾ സജ്ജമാക്കുന്നതിന് ഒരേക്കർ വലിപ്പമുള്ള പ്രദർശനത്തോട്ടത്തിന് 10,000 രൂപ നിരക്കിൽ ധന സഹായം നൽകുന്നു. ഇത്തരം 200 പ്രദർശനത്തോട്ടങ്ങൾക്ക് 20 ലക്ഷം രൂപ നൽകി പദ്ധതി നടപ്പാക്കും.

4. ജില്ലയിലെ കുരുമുളക് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഈ പ്രദർശനങ്ങളിലെ കുരുമുളക് കർഷകരുടെ സമിതി പുനരുജ്ജീവിപ്പിക്കുന്നതിനും ആയതിന്റെ പ്രവർത്തനങ്ങൾക്കുമായി 50 സമിതികൾക്ക് ധനസഹായം നൽകുന്നതാണ്. ഓരോ സമിതിക്കും 15,000 രൂപ നൽകുകവഴി 7.50 ലക്ഷം രൂപ ഈ ഇനത്തിൽ പദ്ധതി നടപ്പാക്കുന്നതിന് ചെലവാകും.

(ബി) ഉൽപ്പാദനം വർദ്ധിച്ചതായി വിവരമില്ല. കുരുമുളകിനും താങ്ങുമരങ്ങൾക്കുപോലും രോഗബാധയുണ്ടായിരുന്നു. വമ്പിച്ച ഒരു കുരുമുളക് പുനർജീവന പദ്ധതി നടപ്പാക്കിവരുന്നു.

(സി & ഡി) രാജ്യത്ത് കുരുമുളക് കൃഷി ഉത്തേജിപ്പിക്കുന്നതിന്റെ ഭാഗമായി പഴയതും വാർദ്ധക്യം ബാധിച്ചതും രോഗബാധയേറ്റതുമായ കുരുമുളക് തോട്ടങ്ങൾ പുനരുജ്ജീവിപ്പിക്കുന്നതിനും പുതിയ തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും ഊന്നൽ നൽകിക്കൊണ്ട് സ്പൈസസ് ബോർഡ്, നാഷണൽ ഹോർട്ടികൾച്ചർ മിഷന് 2009 ഫെബ്രുവരിയിൽ ഒരു പദ്ധതി നിർദ്ദേശം സമർപ്പിക്കുകയുണ്ടായി. നാഷണൽ ഹോർട്ടികൾച്ചർ മിഷന്റെ 120 കോടി രൂപ ധനസഹായത്തോടെ മൊത്തം 230.58 കോടി രൂപ ചെലവിൽ 11-ാം പദ്ധതിക്കാലത്ത് നടപ്പാക്കുന്നതിനായി പ്രസ്തുത പദ്ധതി 2009 ഏപ്രിൽ

LIBRARY ARCHIVES Kerala Legislative Assembly

മാസത്തിൽ കേന്ദ്ര കൃഷിയും സഹകരണവും മന്ത്രാലയം അംഗീകരിച്ചിട്ടുണ്ട്. 2009-10-ൽ ഇടുക്കി ജില്ലയിൽ പൂർണ്ണമായും പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നു. നാഷണൽ ഹോർട്ടികൾച്ചർ മിഷന്റെ 2009-10-ലേക്കുള്ള വിഹിത മായി 14 കോടി രൂപ ഇതിനായി ലഭിച്ചിട്ടുണ്ട്. 47.68 കോടി രൂപ ചെലവിൽ വയനാട് ജില്ലയിൽ നടപ്പാക്കുന്നതിനായി അത്തരത്തിൽ ഒരു പദ്ധതിക്ക് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയം അനുമതി നൽകിയിട്ടുണ്ട്.

(ഇ) ഉണ്ട്. 2008-09-ൽ 413.74 കോടി രൂപയ്ക്കുള്ള 25250 ടണ്ണിൽനിന്ന് 2009-10-ൽ 313.93 കോടി രൂപയ്ക്കുള്ള 1975 ടൺ ആയി ഇന്ത്യയിൽ നിന്നുള്ള കുരുമുളക് കയറ്റുമതി കുറഞ്ഞിട്ടുണ്ട്.

(എഫ്) വർദ്ധനവ് ഉണ്ടായിട്ടില്ല.

## എക്സൈസ് ഗാർഡ്, ഇൻസ്പെക്ടർ തുടങ്ങിയ തസ്തികകളിൽ വനിതാ പ്രാതിനിധ്യം

12 (*582) ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീമതി ജെ. അരുന്ധതി :
ശ്രീമതി കെ. എസ്. സലീഖ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പിൽ ഗാർഡ്, ഇൻസ്പെക്ടർ തുടങ്ങിയ തസ്തിക കളിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ എത്ര വനിതകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇൻസ്പെക്ടർ തസ്തികകളിലേക്ക് നേരിട്ട് നിയമനം നടത്തുന്ന തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ഡി) ഉദ്യോഗസ്ഥരുടെ പരിശീലന പരിപാടികൾ കാര്യക്ഷമമാക്കുന്ന തിന് നടപടി സ്വീകരിക്കുമോ ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ) :

(എ) എക്സൈസ് ഗാർഡ് തസ്തികയിൽ കേഡർ സ്ട്രെങ്ത്തിന്റെ 97% നേരിട്ടുള്ള നിയമനം വഴിയാണ് നടത്തുന്നത്. ഇതിന്റെ 10 ശതമാനം വനിതകളെ നേരിട്ട് നിയമിക്കുന്നതിനായി, 4-6-2008 തീയതിയിൽ G.O.(P)No.113/08/TD നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരം 274 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇൻസ്പെക്ടർ തസ്തി കയിൽ വനിതാ പ്രാതിനിധ്യം നൽകുന്നതിന് പ്രത്യേക നടപടികളൊന്നും ഇതുവരെ സ്വീകരിച്ചിട്ടില്ല.

(ബി) നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം, വനിതാ ഗാർഡുമാർ

LIBRARY ARCHIVES Kerala Legislative Assembly